## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1152** **11-02-2025 - ൽ മറുപടിയ്ക്ക്**

## സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാംസ്കാരിക വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ താഴെപ്പറയുന്നു.<br><br>വജ്രജൂബിലി ഫെല്ലോഷിപ്പ്-യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക സാംസ്കാരിക വികസനം സാധ്യമാക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം 1000 കലാകാരന്മാർക്ക് പ്രതിമാസം 17500/ രൂപ ഫെല്ലോഷിപ്പ് നൽകുന്നു.<br><br>ഉത്കൃഷ്ടരായ കലാ സാഹിത്യ വ്യക്തികളുടെ സ്മാരകങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി.<br><br>സാംസ്കാരിക പ്രവർത്തനങ്ങൾക്കായി സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമുള്ള ആവർത്തനേതര ധനസഹായം.<br><br>കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പ്രചരിപ്പിക്കുന്നതിനും നമ്മുടെ കലാരൂപങ്ങളെ ശാക്തീകരിക്കുന്നതിനുമുള്ള സാംസ്കാരിക വ്യാപനം പദ്ധതി.<br><br>നാടൻ കലാകാരന്മാരുടെയും കൈത്തൊഴിലുകാരുടെയും കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ഉപജീവന സാധ്യത ശാക്തീകരിക്കുന്നതിനുമായുള്ള റൂറൽ ആർട്ട് ഹബ്ബ് പദ്ധതി.<br><br>കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള നാട്ടരങ്ങ്.<br><br>ജീവിതത്തിൽ ഒറ്റപ്പെട്ടു പോയ കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം.<br><br>നാടൻകലകൾ അവതരണ/പ്രകടന കലകൾ തുടങ്ങിയവ ഓൺലൈനായും ഓഫ്‌ലൈനായും |

അവതരിപ്പിക്കുന്നതിന് അവസരം നൽകുന്ന മഴമിഴി പരിപാടി.

സ്വാതന്ത്യ സമരസേനാനികളുടെ സ്മരണയ്ക്കായി സ്വാതന്ത്ര്യ സമര അനുസ്മരണ പാർക്ക്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ പ്രതിഷേധിക്കുന്നതിനും ലിംഗസമത്വത്തിനുമായുമുള്ള ‘സമം’ പരിപാടി.

സാംസ്കാരിക വിനോദ വ്യവസായ വികസനത്തിനായി ഗെയിമിംഗ്-ആനിമേഷൻ ഹാബിറ്റാറ്റ്.

വിവിധ കലാ രൂപങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച കലാകാരന്മാർക്കായി ഫെല്ലോഷിപ്പുകൾ.

ഗോത്രകലയുടെയും സംസ്കാരത്തിന്റെയും പ്രോത്സാഹനവും സംരക്ഷണവും.

സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനായുള്ള സാംസ്കാരിക പ്രോത്സാഹന പരിപാടികൾ.

വാർദ്ധക്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്കായി പ്രതിമാസ ധനസഹായം നൽകുന്ന കലാകാര പെൻഷൻ പദ്ധതി.

അപകടങ്ങൾ സംഭവിച്ചും രോഗങ്ങൾ മൂലവും ആശുപത്രിയിൽ കഴിയേണ്ടി വരുന്ന കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം.
പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം.

അയിത്തത്തിനെതിരെ നടന്ന ഐതിഹാസിക സമരമായ വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി നിരവധി പരിപാടികളോടെ വിപുലമായി ആഘോഷിച്ചു.

ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ നടന്ന ആലുവ സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി വിവിധ ജില്ലകളിൽ ആഘോഷിച്ചു.

ജില്ലകളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം ഉദ്ഘാടനം ചെയ്തു

പ്രവർത്തിച്ചു വരുന്നു. പാലക്കാട്, കാസറഗോഡ് ജില്ലകളിൽ നിർമ്മാണം പൂർത്തിയായി. സ്ഥലം ലഭ്യമായ ജില്ലകളിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയാറാക്കുന്ന നടപടികൾ നടന്നുവരുന്നു.

സിനിമാ രംഗത്ത് വനിതകളേയും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സിനിമയ്ക്ക് 1.5 കോടി രൂപ നിരക്കിൽ പ്രതിവർഷം നാല് സിനിമകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

വനിതകൾക്ക് സിനിമയുടെ സാങ്കേതിക മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി ചലച്ചിത്ര അക്കാദമി വഴി നടപ്പാക്കുന്നു.

ഇന്ത്യയിലാദ്യമായി സർക്കാർ മേഖലയിൽ ഒ.ടി.ടി പ്ലാറ്റ് ഫോം ' സീ-സ്പെയ്സ് ' നടപ്പിലാക്കി.

കേരള കലാമണ്ഡലത്തിൽ പുതിയ അക്കാദമി ബ്ലോക്ക്, വള്ളത്തോൾ സ്മൃതി ഉദ്യാനം, വിസിറ്റേഴ്സ് ലോഞ്ച് എന്നീ പ്രവൃത്തികൾ നടപ്പിലാക്കി.

പുതിയ കാലത്തിനനുയോജ്യമായി പുസ്തകശാലകളെ മാറ്റിയെടുക്കുന്ന ബുക്ക് മാർക്കിന്റെ ബുക്ക് കഫെ പദ്ധതി.

കേരള ലളിതകലാ അക്കാദമിയുടെ ആർട്ടിസ്റ്റ് റസിഡൻസി പ്രോഗ്രാം.

കേരള സംഗീത നാടക അക്കാദമിയുടെ അമേച്വർ നാടക നിർമ്മാണ ധനസഹായ പദ്ധതി, അന്താരാഷ്ട്ര നാടകോത്സവം.

ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം, വിവിധ തീയറ്റർ കോംപ്ലക്സുകളുടെ നിർമ്മാണം.

കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ എ.രാമചന്ദ്രൻ ആർട്ട് ഗാലറിയുടെ നിർമ്മാണം.

കടലോര മേഖലയിലെ സാംസ്കാരിക തനിമയും കലാരൂപങ്ങളും സംരക്ഷിക്കുകയും ഡിജിറ്റലൈസ് ചെയ്യുകയും ലക്ഷ്യമിട്ടുള്ള കടൽമിഴി.

അതിഥി തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്നതിനുള്ള അതിഥി മലയാളം, അനന്യ മലയാളം പദ്ധതി, മലയാളം പഠനത്തിനായി കേന്ദ്രീയ

വിദ്യാലയങ്ങളിൽ കെ.വി. മലയാളം പദ്ധതി.

| | | | |
|---|---|---|---|
| | | | ഇതുകൂടാതെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ചുള്ള വിവരം, ഭരണാനുമതി നൽകിയ തുക എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ 8 ഓളം കലാകാരന്മാരെ വിന്യസിച്ച് കലാപരിശീലനം നടത്തി വന്നിരുന്നു. സംസ്ഥാനതലത്തിലുള്ള പദ്ധതിയായതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ